

# മരിയൻ വോയ്സ്

## പാരിഷ് ബുള്ളറ്റിൻ

St. Marys Church, Ponganamkad
Ph : 0487 2695667

marianvoiceponganamkad@gmail.com
www.stmaryschurch.com

ഫെബ്രുവരി – മാർച്ച് 2021
പുസ്തകം : 12 ലക്കം : 1

### വിശുദ്ധ കുർബാന സമയങ്ങൾ

ഞായർ
6.30 AM, 9.30 AM

തിങ്കൾ മുതൽ ശനി വരെ
എല്ലാ ദിവസവും
6.30 AM വി. കുർബാന

---

### കുർബാന ബുക്കിംഗ് സമയം

വൈകീട്ട് 6.30 മുതൽ 7.30 വരെ
ബുക്കിംഗ് നമ്പർ

**7736655875**

### ഇതളുകൾ വിടരുമ്പോൾ

☆ എഡിറ്റോറിയൽ
☆ ഇടയ സദ്വാർത്ത
☆ ഓർമ്മിക്കാൻ ആചരിക്കാൻ
☆ പ്രതിനിധിയോഗ റിപ്പോർട്ട്
☆ കൊച്ചുവർത്തമാനം
☆ മാമ്മോദീസ
☆ നവമിഥുനങ്ങൾ
☆ സ്വർഗ്ഗീയ താരങ്ങൾ
☆ ഇടവക വാർത്തകൾ
☆ വചന കലണ്ടർ



## പത്രാധിപ സമിതി


**എഡിറ്റർ :**

റവ. ഫാ. ഫ്രാൻസീസ് വാഴപ്പിള്ളി Mob : 9846717537

**എക്സി എഡിറ്റേഴ്സ് :**

വില്ലി ചിറ്റിലപ്പിള്ളി Mob : 9746046049

ജിജോ മഞ്ഞളി Mob : 9495132037

**അഡ്വർട്ടൈസ്മന്റ് കൺവീനർ**

റിനോയ് ജോണി Mob : 9846342782

**സെക്രട്ടറി**

ജീസ് എസ്. പനക്കൽ Mob : 9567690264

**ട്രഷറർ**

ജോണി മാറോക്കി Mob : 9495225563

**എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ**

സി. മർട്ടീന Ph : 0487 - 2695075

സിൻസൺ ജോൺ Mob : 9142920728

ഹാപ്പി ആനിക്കൽ Mob : 9387046502

ആൻജോ ജോളി Mob : 9895610916

ജോണി മഞ്ഞളി Mob : 9447224768

ഫെയ്സൺ പുലിക്കോട്ടിൽ Mob : 9387979899


## മരിയൻ വോയ്സ് – പരസ്യനിരക്കുകൾ

| | | | |
|---|---|---|---|
| Front Inner Page | 2250/- | Half Page (Colour) | 800/- |
| Back Inner Page | 1750/- | Full Page (B/w) | 800/- |
| Back Outer Page | 2500/- | Half Page (B/w) | 600/- |
| Full Page (Colour) | 1400/- | Quarter Page (B/w) | 400/- |




ഏവർക്കും നവവത്സരാശംസകൾ!

കഴിഞ്ഞ വർഷം ദുരന്തങ്ങളുടെ ഒരു കാലം തന്നെയായിരുന്നു. ലോകം കൊറോണ വൈറസിന് മുന്നിൽ തളർന്ന് വീണു. ലോകരാഷ്ട്രങ്ങൾ സാമ്പത്തികമായും ശാരീരികമായും അവരുടെ വിഭവശേഷി ഈ മഹാ മാരിക്ക് വേണ്ടി വിനിയോഗിച്ച് കൊണ്ടിരിക്കുകയാണ്.

കോവിഡ് – 19നെപ്പോലെ SARS - Cov. 1 (Severe acute respiratory syndrome) എന്ന പേരിൽ ചൈനയിൽ നിന്ന് തന്നെയാണ് ആദ്യ കൊറോണ വൈറസ് പുറപ്പെടുന്നത്. 2002ൽ ആണ് ഇത്. എന്നാൽ വളരെ പെട്ടെന്ന് തന്നെ ഇത് നിയന്ത്രണവിധേയമാക്കി. മരണസംഖ്യ ആയിര ത്തിലൊതുക്കാൻ കഴിഞ്ഞു. തുടർന്ന് വന്ന MERS (Middle East Respiratory Syndrome), Camel Flue എന്ന പേരിലാണ് ഇത് അറിയപ്പെട്ടത്. ഒട്ടകങ്ങ ളിൽ നിന്ന് പകരാൻ ഇടയായത് കൊണ്ടാണ് ഈ പേര് വന്നത്. ജൂൺ 2012ൽ സൗദി അറേബ്യയിലെ ജെദ്ദയിൽ ആണ് ഇത് ആദ്യം റിപ്പോർട്ട് ചെയ്തത്. അവിടേയും മരണസംഖ്യ ആയിരത്തിലൊതുങ്ങി.

എന്നാൽ കോവിഡ് – 19 നിസ്സാരനെങ്കിലും ഒരു ഭീകരനാണ്. ഒരു വർഷം കൊണ്ട് കോടികളിലെത്തി രോഗികളുടെ എണ്ണം. അതിൽ മരണം ഏതാണ്ട് 21 ലക്ഷത്തിലെത്തി നിൽക്കുന്നു. അതുകൊണ്ട് അക്ഷരാർത്ഥ ത്തിൽ കയ്യും മെയ്യും മുറുക്കിയാണ് ഈ മഹാമാരിക്ക് പ്രതിവിധി കണ്ടെ ത്താൻ ലോകവൈദ്യശാസ്ത്രം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. വാക്സിൻ കണ്ടെത്തി എന്ന വാർത്ത പ്രതീക്ഷക്ക് വക നൽകുന്നു. അതിന്റെ റിസൾട്ട് ഫലപ്രാപ്തിയണയട്ടെയെന്ന് പ്രത്യാശയോടെ, പ്രാർത്ഥനയോടെ, നമുക്ക് കാത്തിരിക്കാം.

കഴിഞ്ഞ വർഷം ലോകജനത നേരിട്ട ദുരന്തങ്ങൾ കേട്ടുകേൾവിയില്ലാത്ത വിധം ഭീകരമായിരുന്നു. ചുഴലികാറ്റുകൾ, മിന്നൽ പ്രളയം, എണ്ണ പ്രകൃതി വാതക ചോർച്ച, കാലാവസ്ഥക്കു പോലും ഭീഷണിയുയർത്തിയ ആമസോൺ വനങ്ങളിലെ തീ എന്നിവ 2020ലെ ക്രൂരമുഖങ്ങളായിരുന്നു. ഇതിലെല്ലാം ജീവഹാനി നേരിട്ട മനുഷ്യർ, ജീവജാലങ്ങൾ, വനസമ്പത്ത് എന്നിവ ഭയപ്പെടുത്തുന്ന കണക്കാണ് തരുന്നത്.

ഏറെ ദുരന്തങ്ങൾ നൽകിയ 2020 വിട പറഞ്ഞു. ഈ ദുരന്തങ്ങൾ, മഹാമാരികൾ എന്നിവ ഒട്ടേറെ ജീവിതങ്ങൾ അപഹരിച്ചെടുത്തെങ്കിലും ഇന്ന് ഈ നിമിഷം വരെ നമ്മെ കാത്തുപരിപാലിച്ച ദൈവത്തിന് കൃതജ്ഞതയർപ്പിക്കാം. ജീവഹാനി സംഭവിച്ചവർക്കു വേണ്ടി പ്രാർത്ഥിക്കാം. മനുഷ്യരാശിയുടെ ഒരുപാട് സ്വപ്നങ്ങൾക്ക് മങ്ങലേല്പിച്ചാണ് കഴിഞ്ഞ വർഷം കടന്നുപോയത്.

ദുരന്തങ്ങളുടെ ഒരു വർഷമാണ് 2020 എന്ന് പേരുണ്ടെങ്കിലും അതിന്ന് ഒരു മറുവശം ഉണ്ടാകുമല്ലോ. രണ്ടാം ലോകമഹായുദ്ധത്തിൽ ആദ്യ ആറ്റം ബോംബ് വീണ ആദ്യ നിമിഷത്തിൽ തന്നെ 70,000 പേർ നാമവശേഷമായി. തുടർന്ന് പലവിധ രോഗങ്ങളാൽ രണ്ട് ലക്ഷത്തിലേറെ പേർ മരണമടഞ്ഞതായാണ് കണക്ക്. ഇതൊരു വലിയ സംഖ്യ തന്നെയാണ്. എന്നാൽ ഇതിന് ഒരു മറുവശമുണ്ട്. ആ ബോംബ് അനേക ലക്ഷങ്ങൾക്ക് ജീവൻ നൽകി എന്ന് വേണമെങ്കിൽ പറയാം. ബോംബ് പൊട്ടിയതോടെ ജപ്പാൻ നിരുപാധികം കീഴടങ്ങി. ബോംബ് പൊട്ടുന്നതിന് മുമ്പ് മരിച്ചവരുടെ കണക്ക് നോക്കിയാൽ യുദ്ധം തുടർന്നാൽ മരിക്കാൻ സാദ്ധ്യതയുള്ളവരുടെ കണക്കാണിത്.

ആ അണുബോംബിന്റെ ഭീകരമുഖം നേരിൽ കണ്ട ഒരു യുദ്ധവിമാനത്തിന്റെ പൈലറ്റ് ആയിരുന്നു ലിയോണിട് ചെഷയർ. അദ്ദേഹത്തിന്റെ മനസ്സിന് വന്ന മാറ്റമാണ് ഇന്ന് ലോകമെമ്പാടും പടർന്ന് പന്തലിച്ച് നിൽക്കുന്ന ചെഷയർ ഹോംസ്. അത് ഇതിനകം നിരാലംബരായ എത്രയോ പേർക്ക് പുതുജീവൻ നൽകി.

റോമ 14ൽ, 8, 9 തിരുവചനങ്ങൾ ഇങ്ങനെ പറയുന്നു. "നാം ജീവിക്കുന്നുവെങ്കിൽ കർത്താവിന് സ്വന്തമായി ജീവിക്കുന്നു; മരിക്കുന്നുവെങ്കിൽ കർത്താവിന് സ്വന്തമായി മരിക്കുന്നു. ആകയാൽ ജീവിച്ചാലും മരിച്ചാലും നാം കർത്താവിനുള്ളവരാണ്. എന്തെന്നാൽ, മരിച്ചവരുടേയും ജീവിക്കു

ന്നവരുടേയും കർത്താവായിരിക്കുന്നതിന് വേണ്ടിയാണ് ക്രിസ്തു മരിച്ചതും പുനർജീവിച്ചതും".

കരുണാമയനും ജീവദാതാവുമായ ത്രിയേക ദൈവമേ, ഒരു പുതിയ വർഷം കൂടി നൽകി അനുഗ്രഹിച്ച അങ്ങയോട് ഞങ്ങൾ നന്ദി പറയുന്നു. ഈ പുതുവർഷം നവംനവങ്ങളായ സ്വപ്നങ്ങൾ ദൈവം നമുക്ക് സമ്മാനിക്കട്ടെ. സ്വപ്നങ്ങൾക്ക് നിറം പകർന്ന് തരണമേയെന്ന് ദൈവത്തോട് നമുക്ക് പ്രാർത്ഥിക്കാം.

ആഘോഷങ്ങളില്ലാതെ കടന്നു പോയ തിരുനാളിന്റെ സ്മരണകളോടെ അടുത്ത പ്രാവശ്യം സമുചിതമായി ആഘോഷിക്കാമെന്ന പ്രത്യാശയോടെ,

**- വില്ലി ചിറ്റിലപ്പിള്ളി**

## അറിയിപ്പ്

പ്രിയരെ,

മരിയൻ വോയ്സിന്റെ അവസാന ലക്കം പുറത്തിറങ്ങിയത് മാർച്ച് 2020ൽ ആണ്. കാരണം എല്ലാവർക്കും അറിയാമല്ലോ ? കൊറോണ വൈറസ് എന്ന കോവിഡ് 19 മാനവരാശിയെ തന്നെ തടവിലാക്കിയല്ലോ. ഇത് മൂലം ഉണ്ടാകുന്ന നാശം പരമാവധി കുറക്കുന്നതിന് സർക്കാരുകൾ പ്രഖ്യാപിച്ച നിയന്ത്രണങ്ങൾ എല്ലാ മേഖലയെയും പിടിച്ച് കെട്ടി. അത് നമ്മുടെ പ്രസിദ്ധീകരണത്തെയും ബാധിച്ചു. എന്നാൽ നാം അത് പുനരാരംഭിക്കുമ്പോൾ വിഘാതമാകുന്നത് സാമ്പത്തികം തന്നെയാണ്. പരസ്യങ്ങളിൽ നിന്നുള്ള വരവ് ജനങ്ങളുടെ സാമ്പത്തികാവസ്ഥയെ ആശ്രയിച്ചാണല്ലോ നിലനിൽക്കുന്നത്. ആഘോഷപരിപാടികളിലെ ആഘോഷങ്ങൾ കുറവാകുമ്പോൾ വരുമാനം കുറയുവാനുള്ള സാദ്ധ്യത നാം മുന്നിൽ കാണുന്നു. അതുകൊണ്ട് തുടക്കത്തിൽ മാസിക എന്നതിന് പകരം ഒരു ദ്വൈമാസികയായിട്ടാണ് നാം മരിയൻ വോയ്സ് ഇറക്കുവാൻ ഉദ്ദേശിക്കുന്നത്. ആദ്യ ഇഷ്യു ജനുവരി - ഫെബ്രുവരി 2021ലേക്ക് ഫെബ്രുവരിയിൽ ഇറങ്ങും. പരസ്യങ്ങൾ, പ്രസിദ്ധീകരണ യോഗ്യമായ ലേഖനങ്ങൾ, കഥകൾ, കവിതകൾ എന്നിവ നൽകി ഏവരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. - **പത്രാധിപർ**




# വലിയ നൊയമ്പ് സന്ദേശം

2021 ഫെബ്രുവരി 14-ാം തിയ്യതി പാതിരാ മുതൽ 50 നൊയമ്പ് ആരംഭിക്കുന്നു. പുതിയ പല തീരുമാനങ്ങളും ഈ നൊയ്മ്പു കാലത്ത് എടുക്കുവാൻ പരിശ്രമിക്കാം. ഈശോയിൽ ആയിരിക്കുവാൻ, പുതിയൊരു സൃഷ്ടിയാകുവാൻ, സ്വയം പരിശ്രമിക്കേണ്ട ഒരു കാലഘട്ടമാണ് ഈ വലിയ നൊയമ്പ്. പശ്ചിമ ബംഗാളിൽ ഒരു വൈദീകൻ 40 ദിവസം വെള്ളവും പരിശുദ്ധ കുർബ്ബാനയും മാത്രം കഴിച്ച് നൊയമ്പ് എടുത്തു. അച്ചനെ ഞാൻ നേരിട്ടുകണ്ട് സംസാരിച്ചിരുന്നു. വലിയ പ്രലോഭനങ്ങൾ അദ്ദേഹത്തിന് ഉണ്ടായിരുന്നു.

മത്തായിയുടെ സുവിശേഷം 4-ാം അദ്ധ്യം 1 മുതൽ 11 വരെയുള്ള വചനങ്ങളിൽ ഈ പിശാചിന്റെ ശക്തമായ പ്രലോഭനം നേരിട്ടു. ആദ്യത്തെ പ്രലോഭനം ഭക്ഷണത്തിന് വേണ്ടി കല്ല് അപ്പമാക്കുവാൻ. ദൈവപുത്രൻ 40 ദിനരാത്രങ്ങൾ ഉപവസിച്ച് മലയിൽ ഏകനായിരിക്കുമ്പോൾ പിശാചിന് തക്ക ഒരു അവസരം തന്നെ ഒത്തുകിട്ടി. നമുക്കും ഏകാകിയായിരിക്കുമ്പോൾ ശരീരത്തിന്റെ വാസനകൾക്ക് അനുയോജ്യമായ പ്രലോഭനമാകുന്ന പിശാച് കൊണ്ടുവരുന്നു. മിശിഹായിൽ പ്രിയ ദൈവജനമെ

ഈശോ ദൈവവചനം കൊണ്ട് പിശാചിനെ തോല്പിച്ചു. നമുക്കും വചനം ആയുധമാക്കാൻ ഈ നൊയമ്പുകാലത്ത് കൂടുതൽ ബൈബിൾ വായിക്കാനും പഠിക്കാനും പരിശ്രമിക്കണം. അതാണ് ഈശോ പറഞ്ഞത് മനുഷ്യൻ അപ്പം കൊണ്ടുമാത്രമല്ല ദൈവത്തിന്റെ നാവിൽ നിന്നു പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണ് ജീവിക്കുന്നത്. നിയമാവർത്തനം 4-ാം അദ്ധ്യായം 6-ാം വചനമാണ് ഇത് അരുളി ചെയ്തത്.

മനുഷ്യൻ ലോകത്തിലായിരിക്കുമ്പോൾ 3 തരം പ്രലോഭനങ്ങളാണ് നേരിടുക. അതിൽ 1. ശരീരം, 2. ലോകം, 3. പിശാച്. 1-ാമത്തെ പ്രലോഭനം ഈശോ ജയിച്ചു. 2-ാമത്തെ പ്രലോഭനം ലോകത്തിന്റെ അധികാരമോഹമാണ്. ജെറുസലേം ദേവാലയത്തിൽ അഗ്രത്തിൽ നിറുത്തി താഴേക്കു ചാടുക. ലോകം നിന്നെ ദൈവപുത്രനായി സ്വീകരിക്കും. വലിയ ലോകമോഹമാണ് പിശാച് നൽകിയത് ഉത്തരമായി ഈശോ നിയമാവർത്തനം 6-ാം അദ്ധ്യായം 16-ാം വാക്യം ഉദ്ധരിച്ചു. ദൈവമായ കർത്താവിനെ നീ പരീക്ഷിക്കരുത്. ലോകമോഹപാപങ്ങളാൽ നാം ഉഴലുമ്പോൾ പരിശുദ്ധാത്മാവ് തക്കസമയത്ത് നമ്മെ സഹായിക്കും. ആയതിന് പരിശുദ്ധാത്മാവിന്റെ സഹായം എപ്പോഴും ചോദിക്കണം.

3-ാമത്തെ പ്രലോഭനം അതിതീവ്രമായ പ്രലോഭനമാണ് പിശാചിനെത്തന്നെ ആരാധിക്കുക. അപ്പോൾ എല്ലാ സുഖസൗകര്യങ്ങളും നിനക്ക് ലഭിക്കും. ഉയർന്ന മലയിൽ ഈശോയെ നിറുത്തി. ലോകത്തിന്റെ എല്ലാ മായ മോഹങ്ങളും മനുഷ്യപുത്രന് കാണിച്ചു. അവനെ കുമ്പിട്ട് ആരാധിക്കുക. ഇതാണ് കോടാനുകോടി മനുഷ്യർ ഇന്ന് ചെയ്യുന്നത്. ദൈവത്തെ മറന്ന് പിശാചിന് അടിയറവ് പറയുക. ദൈവപുത്രൻ ഈ പ്രലോഭനത്തെ മറികടന്നത് നിയമാവർത്തനം 16-ാം അദ്ധ്യായം 13-ാം വാക്യം അരുളി ചെയ്തുകൊണ്ടാണ്. സാത്താനെ ദൂരെ പോകുക എന്തെന്നാൽ നിന്റെ ദൈവമായ കർത്താവിനെ ആരാധിക്കണം. അവിടുത്തെ മാത്രമെ പൂജിക്കാവൂ എന്ന് എഴുതപ്പെട്ടിരിക്കുന്നു. നമ്മുടെ ജീവിതത്തിൽ ദൈവവചനത്തിലൂടെ, പ്രാർത്ഥനയിലൂടെ പൈശാചിക, ശാരീരിക ദുർവാസനകളെ മറികടക്കുവാൻ ഈ വരുന്ന നൊയ്മ്പുകാലത്ത് പരിശ്രമിക്കാം. ദൈവം അനുഗ്രഹിക്കട്ടെ.

എന്ന്

**വാഴപ്പിള്ളിയച്ചൻ**

# ഓർമ്മിക്കാൻ, ആചരിക്കാൻ

## ഫെബ്രുവരി – മാർച്ച് 2021

**ഫെബ്രുവരി**

| | | |
|---|---|---|
| 02 ചൊവ്വ | : | നമ്മുടെ കർത്താവിന്റെ ദേവാലയ പ്രവേശനം. പരിശുദ്ധ കന്യകാ മറിയത്തിന്റെ ശുദ്ധീകരണ തിരുനാൾ |
| 04 വ്യാഴം | : | വി. ജോൺ ബ്രിട്ടോ |
| 05 വെള്ളി | : | ഗ്രീക്ക് സഭാപിതാക്കന്മാർ<br>സുറിയാനി സഭാപിതാക്കന്മാർ<br>ഇടവക മദ്ധ്യസ്ഥന്റെ തിരുനാൾ |
| 11 വ്യാഴം | : | ലൂർദ്ദ് മാതാവ് (രോഗീദിനം) |
| 12 വെള്ളി | : | സകല മരിച്ചവരുടെയും ഓർമ്മ |
| 14 ഞായർ | : | നോമ്പ്കാലം 1–ാം ഞായർ പാതിരാമുതൽ മുതൽ അമ്പത് നോമ്പ് ആരംഭം. ഉയിർപ്പ് തിരുനാൾ വരെ വിവാഹ ആഘോഷം മുടക്കം. |
| 15 തിങ്കൾ | : | വിഭൂതി<br>രാവിലെ വിഭൂതി തിരുകർമ്മങ്ങൾ. |
| 21 ഞായർ | : | നോമ്പ്കാലം 2–ാം ഞായർ |
| 23 ചൊവ്വ | : | വി. പൊലികാർപ്പ് |
| 25 വ്യാഴം | : | വാഴ്ത്തപ്പെട്ട സി. റാണി മരിയ |
| 28 ഞായർ | : | നോമ്പ് കാലം മൂന്നാം ഞായർ. |

**മാർച്ച്**

| | | |
|---|---|---|
| 07 ഞായർ | : | നോമ്പ്കാലം നാലാം ഞായർ |
| 14 ഞായർ | : | നോമ്പ്കാലം അഞ്ചാം ഞായർ |
| 18 വ്യാഴം | : | ജറുസലേമിലെ വി. സിറിൽ |

| | | |
|---|---|---|
| 19 വെള്ളി | : | വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ |
| 21 ഞായർ | : | നോമ്പ്കാലം ആറാം ഞായർ |
| 25 വ്യാഴം | : | മംഗള വാർത്ത തിരുനാൾ |
| 28 ഞായർ | : | ഓശാന ഞായർ |

ഫെബ്രുവരി 15-ാം തിയ്യതി വി. കുർബ്ബാനയ്ക്ക് ശേഷം രാവിലെ 8 മുതൽ 9 വരെ ആശീർവദിച്ച കരിക്കുറി പായ്ക്കറ്റ് വീടുകളിലേക്ക് ആവശ്യമുള്ളവർക്ക് പള്ളിയിൽ നിന്ന് വിതരണം ചെയ്യുന്നതാണ്. ഒരാൾക്ക് 1 പായ്ക്കറ്റ് ആയിരിക്കും നൽകുക. ഒരു വീട്ടിൽ നിന്ന് ഒരു പായ്ക്കറ്റ് വാങ്ങിയാൽ മതി.

## അഭിനന്ദനങ്ങൾ



ഗണിതശാസ്ത്രത്തിൽ ഡോക്ടറേറ്റ് (എം. ജി. സർവ്വകലാശാല, കോട്ടയം) കരസ്ഥമാക്കിയ ജിസ്മി ജോസഫ്. മാള കാർമ്മൽ കോളേജിലെ ഗണിതശാസ്ത്രവകുപ്പിലെ മേധാവിയാണ്. പൊങ്ങണംകാട് സെന്റ് തെരേസ കുടുംബ കൂട്ടായ്മ അംഗം എടക്കളത്തൂർ ആന്റണി ജോണിന്റെ ഭാര്യയാണ്. വേദോപദേശ മുൻ ഹെഡ്മാസ്റ്റർ ഫ്രാൻസിസ് മാഷിന്റെ മരുമകളാണ്. ആലപ്പുഴ തുറവൂർ കൂട്ടുപള്ളി ജോസഫിന്റെയും ത്രേസ്യാമ്മ ജോസിന്റെയും മകളാണ്.

## അറിയിപ്പ്

മരിയൻ വോയ്സിലേക്ക് കഥ, കവിത, ഉപന്യാസം, ഫീച്ചർ എന്നിവ ക്ഷണിക്കന്നു. താല്പര്യമുള്ളവർ 10-ാം തിയ്യതിക്കു മുമ്പായി മരിയൻ വോയ്സ് ബോക്സിൽ നിക്ഷേപിക്കേണ്ടതാണ്.

**– മരിയൻ വോയ്സ് പത്രാധിപ സമിതി**

# പ്രതിനിധിയോഗ റിപ്പോർട്ട്

**നവംബർ 29 ഞായറാഴ്ച ഒന്നാമത്തെ കുർബാനയ്ക്ക് ശേഷം വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ കൂടിയ പ്രതിനിധിയോഗ തീരുമാനങ്ങൾ.**

❖ 2020 ഓഗസ്റ്റ് മാസത്തെ റിപ്പോർട്ട് വായിച്ച് പാസ്സാക്കി.

❖ ഓഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ ഓഡിറ്റ് ചെയ്ത വരവ് - ചിലവ് കണക്ക് വായിച്ച് പാസ്സാക്കി.

❖ ക്രിസ്മസ് ആഘോഷം രൂപത നിർദ്ദേശമനുസരിച്ച് നടത്തുന്നതിന് തീരുമാനിച്ചു.

❖ തിരുന്നാളിന് എല്ലാ യൂണിറ്റുകളിലേക്കും പള്ളിയിൽ നിന്ന് അമ്പ്, വള, ഒരു കുട എന്നിവ കൊടുക്കുവാനും ഒരു വീട്ടിൽ 10 മിനിറ്റ് വെച്ച് പ്രാർത്ഥിക്കുന്നതിനും ആ വീട്ടിലെ "2" പേർ ചേർന്ന് അടുത്ത വീട്ടിലേക്ക് കൊണ്ടുപോകുന്നതിനും തീരുമാനിച്ചു.

വീടുകളിലെ അമ്പെടുപ്പ് അവസാനിച്ചാൽ അതാതു യൂണിറ്റിലെ "2" ഭാരവാഹികൾ "5" മണി മുതൽ "7" മണി വരെയുള്ള സമയത്ത് പള്ളിയിൽ തിരിച്ചുകൊണ്ടുവരുന്നതിനും തീരുമാനിച്ചു.

❖ ഡിസംബർ "1"-ാം തിയ്യതി മുതൽ സ്പെഷ്യൽ കുർബാന തുടങ്ങുന്നതിന് തീരുമാനിച്ചു.

❖ കൊറോണ കാലഘട്ടത്തിൽ സ്പെഷ്യൽ കുർബാനക്ക് 500 രൂപ അഡീഷണൽ വാങ്ങുന്നതിന് തീരുമാനിച്ചു.

❖ ഡിസംബർ 1-ാം തിയ്യതി മുതൽ കുർബാനക്കു വരാൻ ആഗ്രഹിക്കുന്നവർ 7736655875 എന്ന ഫോൺ നമ്പറിൽ വൈകീട്ട് 6.30 മുതൽ ബുക്ക് ചെയ്യണമെന്നും തീരുമാനിച്ചു.

❖ കുടുംബ ഡയറി ഡിജിറ്റലാക്കുന്നതിന്റെ ഭാഗമായി ഫോമുകൾ എല്ലാ യൂണിറ്റുകൾക്കും വിതരണം ചെയ്തു.

❖ കത്തോലിക്കാസഭയുടെ സംഖ്യ രൂപതയിൽ അടക്കുവാൻ തീരുമാനിച്ചു.

❖ കേറ്റിക്കിസം പ്രധാന അധ്യാപകനായിരുന്ന ശ്രീ. ആന്റണി പാലയ്ക്കലിന്റെ നിര്യാണത്തിൽ പ്രതിനിധി യോഗം അനുശോചനം രേഖപ്പെടുത്തി. എന്ന്

**വർഗ്ഗീസ് പോൾ ചിറയ്ക്കൽ** (സെക്രട്ടറി)

# വിശ്വാസ പരിശീലന വാർഷിക പരീക്ഷകളെക്കുറിച്ചുള്ള അറിയിപ്പ് :

സംസ്ഥാന ആരോഗ്യവകുപ്പിന്റെയും, തൃശ്ശൂർ അതിരൂപത വിശ്വാസ പരിശീലന കേന്ദ്രത്തിന്റെയും നിർദ്ദേശങ്ങൾ പൂർണമായും പാലിച്ചാണ് നമ്മൾ വാർഷിക പരീക്ഷകൾ നടത്തുവാൻ ഉദ്ദേശിക്കുന്നത്.

പരീക്ഷാ തിയ്യതികൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 14/02/2021 | : | Std : X, XII, ACC |
| 21/02/2021 | : | Std : I, III, V, VII, IX, XI |
| 28/02/2021 | : | Std : II, IV, VI, VIII |

**പരീക്ഷാസമയം :**

| | | |
|---|---|---|
| ACC ക്ലാസ്സ് ഒഴികെ | : | 2.00 PM - 4.00 PM |
| ACC | : | 2.00 PM - 5.00 PM |

☞ I, II ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് ഓൺലൈനായി ചോദ്യപരീക്ഷയായിരിക്കും ഉണ്ടാവുക. അവരുടെ പരീക്ഷകളെക്കുറിച്ചുള്ള വിശദമായ അറിയിപ്പുകൾ ക്ലാസ് ടീച്ചർമാർ കുട്ടികളുടെ വാട്സ്ആപ്പ് ഗ്രൂപ്പ് മുഖാന്തരം മാതാപിതാക്കളെ മുൻകൂട്ടി അറിയിക്കുന്നതായിരിക്കും.

☞ III, IV, V ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് ഓൺലൈനായി എഴുത്തുപരീക്ഷയാണ് ഉണ്ടാവുക. അവരുടെ പരീക്ഷകളെക്കുറിച്ചുള്ള വിശദമായ അറിയിപ്പുകൾ ക്ലാസ് ടീച്ചർമാർ കുട്ടികളുടെ വാട്സ് ആപ്പ് ഗ്രൂപ്പ് മുഖാന്തരം മാതാപിതാക്കളെ മുൻകൂട്ടി അറിയിക്കുന്നതായിരിക്കും.

☞ VI, VII, VIII, IX, X, XI, XII, ACC വിദ്യാർത്ഥികൾക്ക് പള്ളിയിലെ ഗോൾഡൻ ജൂബിലി ഹാളിൽ വെച്ച് കഴിഞ്ഞ വർഷങ്ങളിൽ പതിവുള്ളതുപോലെ വാർഷിക എഴുത്ത് പരീക്ഷകൾ സംഘടിപ്പിക്കുന്നതാണ്.

പള്ളിയിൽ വന്നു എഴുത്തു പരീക്ഷ എഴുതേണ്ട വിദ്യാർത്ഥികളും അവരുടെ മാതാപിതാക്കളും താഴെ പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ ?

1. പരീക്ഷ ദിവസം 1.30 PM നും 1.45 PM നും മധ്യേ വിദ്യാർത്ഥികൾ പള്ളിയിലെ ഗോൾഡൻ ജൂബിലി ഹാളിൽ എത്തിച്ചേരേണ്ടതാണ്. യാതൊരു കാരണവശാലും 1.30 PMന് മുമ്പ് വിദ്യാർത്ഥികൾ പള്ളിയിൽ വന്ന് കൂട്ടം കൂടി നിൽക്കുന്ന സാഹചര്യം ഉണ്ടാകരുത്.

2. പരീക്ഷക്ക് എത്തിച്ചേരുന്ന വിദ്യാർത്ഥികൾ കൂട്ടംകൂടി നിൽക്കുകയോ, പരസ്പരം ചർച്ച ചെയ്ത് പഠിക്കുകയോ ചെയ്യരുത്. പരീക്ഷക്ക് പള്ളിയിലെത്തുന്ന വിദ്യാർത്ഥികൾ നേരെ ഹാളിൽ പ്രവേശിച്ച് അവർക്കായി തയ്യാറാക്കിയിരിക്കുന്ന സീറ്റിൽ ഇരുന്ന് പരീക്ഷയ്ക്ക് ഒരുങ്ങുക. പരീക്ഷ കഴിഞ്ഞാൽ കൂട്ടം കൂടി നിൽക്കാതെ ഉടൻ വിദ്യാർത്ഥികൾ വീടുകളിലേക്ക് തിരിച്ചുപോകേണ്ടതാണ്.

3. പനി, ചുമ, തലവേദന, ജലദോഷം തുടങ്ങിയ ഏതെങ്കിലും രോഗലക്ഷണങ്ങൾ ഉള്ളവരും ആരോഗ്യവകുപ്പിന്റെ നിർദ്ദേശാനുസരം ക്വാറന്റെൻ ചെയ്തവരും മുൻകൂർ അനുവാദം വാങ്ങാതെ, പള്ളിയിൽ നിന്ന് പരീക്ഷ എഴുതുവാൻ പാടുള്ളതല്ല. അത്തരം സാഹചര്യങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ മാതാപിതാക്കൾ ക്ലാസ് ടീച്ചർമാർ മുഖാന്തരം ആ വിവരം എത്രയും വേഗം ഇടവക വിശ്വാസ പരിശീലന കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്. അവർക്കുവേണ്ട തുടർ നിർദ്ദേശങ്ങൾ ക്ലാസ് ടീച്ചർമാർ മുഖാന്തരം നൽകുന്നതായിരിക്കും.

4. മുഖാവരണം / മാസ്ക് നിർബന്ധമായും ധരിച്ചിരിക്കണം.

5. പേന, പെൻസിൽ, മറ്റു പഠനോപകരണങ്ങൾ, കുടിക്കാനുള്ള വെള്ളം തുടങ്ങിയവയെല്ലാം സ്വന്തമായി കയ്യിൽ ഉണ്ടാകണം. ഇവ മറ്റുള്ളവരുമായി പങ്കിടരുത്.

6. വാർഷിക പരീക്ഷകളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കോവിഡ് സാഹചര്യവും രൂപത വിശ്വാസ പരിശീലന കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങളും അനുസരിച്ച് മാറ്റങ്ങൾ സംഭവിച്ചേക്കാം. മാറ്റങ്ങൾ ഉണ്ടാകുന്ന പക്ഷം പുതിയ തീരുമാനങ്ങൾ ക്ലാസ് ടീച്ചർമാർ കുട്ടികളുടെ വാട്സ് ആപ്പ് ഗ്രൂപ്പ് മുഖാന്തരം മാതാപിതാക്കളെയും വിദ്യാർത്ഥികളെയും അതാത് സമയങ്ങളിൽ അറിയിക്കുന്നതായിരിക്കും.

## ആദ്യ കുർബ്ബാന സ്വീകരിച്ചവർ 2020 നവംബർ

1. കൊടിയൻ ജോബി + ജിൻസി മകൾ ആൻമരിയ
2. കിടങ്ങൻ സെബി + സിനി മകൾ കാതറിൻ മേരി
3. കിടങ്ങൻ സെബി + സിനി മകൾ അജീഷ ആൻ
4. മാരിപ്പുറത്ത് വിൻസെന്റ് + റിജി മകൻ അമൽ വിൻസെന്റ്
5. കാരക്കട പയസ് + ജാൻസി മകൻ ലെനിൻ
6. കാരക്കട പയസ് + ജാൻസി മകൻ ലിവിൻ
7. ചിറയ്ക്കൽ ബൈജു + ഡാലി മകൻ ആൽബി ബൈജു
8. പുളിക്കൻ ഷോണി + സോണിയ മകൾ അന്നമരിയ
9. ചിറയ്ക്കൽ വർഗ്ഗീസ് + ലിഷ മകൾ ഹന്ന
10. മുത്തുപീടിക ജോജു + സജി മകൻ അശ്വിൻ ജോജു
11. ചുങ്കത്ത് ബിജു + ലിജി മകൻ ആൽബർട്ട് ബിജു
12. കൈതക്കൽ രാജീവ് + മിനി മകൻ ജോഷ്വ രാജീവ്
13. ഊക്കൻ വിനോയ് ഡേവിസ് + ദിവ്യ മകൾ ആൻ വിനോയ്
14. ചൂണ്ടൽ ബിജു + ജാസ്മിൻ മകൾ ഏയ്ഞ്ചൽ റോസ്
15. ചെറുമഠം ജോഷി + റിനി മകൻ ജിയോർജിയോ ജോഷി
16. മാളക്കാരൻ ഷൈൻ + ബീന മകൻ സാവിയോ ഷൈൻ
17. ആനിക്കൽ ഹാപ്പി + ലിനി മകൾ ഹെൽന ഹാപ്പി
18. മാറോക്കി അഗസ്റ്റിൻ + സീന മകൾ ആൻഡ്രിയ
19. ചക്കാലയ്ക്കൽ ഷാജു + സിനി മകൾ നൈസ ഷാജു
20. വടക്കൻ സിജോ + ഗ്ലെയ്സി മകൾ ജിസ്മി സിജോ
21. മാരിപ്പുറത്ത് സൈമൺ + സ്റ്റെല്ല മകൻ മെൽബിൻ സൈമൺ
22. പറത്തോട്ട് സനീഷ് + സാലി മകൻ അമൽ
23. ചാലിശ്ശേരി പീറ്റർ + റെനി മകൻ നോയൽ പീറ്റർ
24. ആനിക്കൽ ജോബി + ഷെറിൻ മകൻ ആൽഫി ജോബി
25. മാളക്കാരൻ ഷനിൽ + ബിന്ദു മകൻ ആഷിൽ ഷനിൽ
26. മൂക്കൻ ബിജു + മിനു മകൻ ജിനോ ബിജു
27. വടക്കേത്തല സിന്റോ + ശ്രീജ മകൾ സിയ
28. കുരുതുകുളങ്ങര സിജോൺ + സനിത മകൻ തേജസ്
29. മേഴ്സി ഡെയ്ൽ ബോണി + പ്രിയ മകൾ ഏയ്ഞ്ചലീന ബോണി



# മാമ്മോദീസ

1. പറത്തോട്ട് സരിൻ പി. ജെയിംസ് + റാണി തോമാസ് മകൻ റിയാൻ സരിൻ (22-02-2020)
2. മാളിയേക്കൽ ജിനോ ഫിലിപ്പ് + കാവ്യ ജിനോ മകൾ ജിയാ റോസ് ജിനോ (19-04-2020)
3. മൂലംതുരുത്തിയിൽ അജോ സ്റ്റീഫൻ + റോഷിലി രാജു മകൻ ആൻഡ്രിൻ അജോ (11-05-2020)
4. തെക്കിനിയത്ത് ജിജോമോൻ + മിനിത വിത്സൺ മകൾ അനെക്സ് കെയ്റ്റ് (17-05-2020)
5. ഡിക്രൂസ് റിനിൽ + മിനി മകൾ സേവ സി. ആർ. (20-05-2020)
6. പുളിക്കൻ ആന്റണി പി. റാഫേൽ + മേരിമോൾ ജോർജ്ജ് മകൾ റെയ്ച്ചൽ ആന്റണി പുളിക്കൻ (23-05-2020)
7. ചൂണ്ടൽ ലിൻസൻ + ജോസ്മി ജോസഫ് മകൾ ജുവന്ന മരിയ ലിൻസൺ (17-11-2019)
8. മാറോക്കി ജെസ്റ്റിൻ ഫ്രാൻസിസ് + ഗ്രിഷ്മ പി. എസ്. മകൾ ഹെയിൻ മേരി (13-06-2020)
9. തെക്കിനിയത്ത് മിജോ എം. തെക്കിനിയത്ത് + മെർളി എ. ആർ. മകൻ ജോനാഥ് ടി. എം. (13-06-2020)
10. വടക്കേടത്ത് നിപിൻ പൗലോസ് + ദീപ മരിയ ജോസ് മകൻ അലെക്സ് (13-06-2020)
11. കുരിശിങ്കൽ സനു + ബിനിത മകൻ എയ്ദൻ (15-06-2020)
12. മുരിയാടൻ വിനു വിൻസന്റ് എ. പി. + സജിത കെ. ജോർജ്ജ് മകൻ അനൽ ജോസഫ് വിനു (20-06-2020)
13. മുരിങ്ങാത്തേരി സിജോ എം. ജെ. + അൻഫോ സിജോ മകൻ ജെറോം എം. എസ്. (12-07-2020)
14. മാളിയേക്കൽ നിക്സൺ + ടെസ്സി തോമസ് മകൻ ജോൺ സാവിയോ എം. എൻ. (22-07-2020)

15. പടപുരക്കൽ ജോയ്സി ജോസ് കെ. + ജോമോൻ മകൻ ജെസ്വിൻ ജോമോൻ (02-08-2020)
16. കോട്ടക്കൽ അഭിലാഷ് കെ. ജോർജ് + രശ്മി ഇ. ആർ. മകൾ ആൻഡ്രിയ അഭിലാഷ് (25-08-2020)
17. പാലയൂർ ബെസ്റ്റിൻ വർഗീസ് + ശ്രുതി ടി. ബിജു മകൾ ഫെയ്സൽ ഗ്രേസ് ബെസ്റ്റിൻ (30-08-2020)
18. വടക്കുംപറമ്പിൽ വിനീത് ജോർജ് + നിഷ എ. പി. മകൾ ഹെവ്ലിൻ വിനീത് (29-08-2020)
19. ചിറ്റാട്ടുക്കര ആൽവിൻ + ആഷ്ലി മകൻ ഡാനിയേൽ ആൽവിൻ (12-09-2020)
20. അന്തിക്കാട്ട് ഗ്രസന്ത് എ. ഒ. + ജിൻസി സി. ജെ. മകൻ ഇവാനിയോ ഗ്രസന്ത് (27-09-2020)
21. മേപ്പാടത്ത് രാജു + അജിത മകൾ അഞ്ജലി (21-09-2020)
22. പുലിക്കോടൻ എഡ്വിൻ + അനഘ മകൻ എയ്ദിൻ ഏദം (26-09-2020)
23. മാപ്രാണി തേനുംകുടത്ത് സിൽജോ സൈമൺ + ജെസ്റ്റി സിൻജോ മകൻ ഓസ്റ്റിൻ ആഡംസ് സിൽജോ (27-09-2020)
24. ചാലയ്ക്കൽ ബാബു സി. എ. + ജെർളി ടി. ജെ. മകൾ അമേയ (07-10-2020)
25. തരകൻ വിനോദ് ടി. ജെ. + ക്രിസ്റ്റി വർഗീസ് മകൻ കോൾവിൻ സി. തരകൻ (31-10-2020)
26. അറയ്ക്കൽ ഷിബു ജോൺ + നിമി വിൽസൺ മകൾ സന എസ്. ജോൺ (11-11-2020)
27. കിഴക്കൂടൻ കണ്ണങ്ങാത്ത് ആൽജോ + മരിയ മകൾ അനാലിയ (29-11-2020)
28. കല്ലിങ്ങൽ ആന്റോ ജേക്കബ് + അനു വർഗീസ് മകൾ അമേയ ആൻ ആന്റോ (27-12-2020)
29. അമ്മായിക്കുന്നേൽ റിജോ എ. ജെ. + അഞ്ജലി എം. ആർ. മകൾ ആൻജലിന എ. റിജോ (11-01-2021)

# നവ മിഥുനങ്ങൾ

1. മുരിക്കാത്തൊട്ടി ഇടവക ചക്കുംചിറയിൽ എബ്രഹാം + എൽസി മകൾ സ്നേഹ. പൊങ്ങണംകാട് പള്ളി ഇടവക തൊമ്മൻ സണ്ണി + ഷെറിൻ മകൻ സെബിൻ (03-11-2019)

2. മണലൂർ പള്ളി ഇടവക കൊള്ളന്നൂർ കുറ്റൂക്കാരൻ ജോസ് + ടെസ്സി മകൾ ക്രിസ്റ്റി ജോസ്. പൊങ്ങണംകാട് പള്ളി ഇടവക ചെറുമഠത്തിൽ റപ്പായി + ലിസി മൻ റോണി സി. റാഫേൽ (15-01-2020)

3. അരിമ്പൂർ പള്ളി ഇടവക കാവുങ്കൽ ജെയ്സൻ + ഷൈബി മകൾ നിഷ. പൊങ്ങണംകാട് പള്ളി ഇടവക ആഞ്ഞിലിക്കൽ റെജി + ഗ്രെയ്സി മകൻ റിജോ (17-05-2020)

4. കൊട്ടേക്കാട് പള്ളി ഇടവക ബ്രഹ്മകുളം ബിജു + ലത മകൾ നീതു. പൊങ്ങണംകാട് പള്ളി ഇടവക കളത്തിപറമ്പിൽ ആന്റോ + മേരി മകൻ ജോസ്. (24-05-2020)

5. ഏനമാക്കൽ പള്ളി ഇടവക കൊളങ്ങര ജോൺസൻ + ഷീബ മകൾ അനുഷ ജോൺ കെ. പൊങ്ങണംകാട് പള്ളി ഇടവക പുത്തൂർ തോമസ് + വെറോനിക്ക മകൻ ടോംബോ തോമസ് (31-05-2020)

6. പൊങ്ങണംകാട് പള്ളി ഇടവക തൈക്കാടൻ ആന്റണി + ഷീല മകൾ ആഷ. പൊങ്ങണംകാട് പള്ളി ഇടവക ചൂണ്ടൽ ജോയ് + രാജി മകൻ ജെസ്റ്റിൻ (14-06-2020)

7. വേലൂർ പള്ളി ഇടവക നീലങ്കാവിൽ ബേബി + നാൻസി മകൾ ബെൻസി മോൾ ബേബി. പൊങ്ങണംകാട് പള്ളി ഇടവക മഞ്ഞളി ദേവസി + അന്നമ്മ മകൻ ടിന്റോ (12-07-2020)

8. പൊങ്ങണംകാട് പള്ളി ഇടവക കല്ലറയിൽ യേശുദാസ് + ഡെയ്സി മകൾ സിൻസി. വിയ്യൂർ പള്ളി ഇടവക പ്ലാക്കൽ വിൽസൺ + റീന മകൻ വിനീഷ്. (13-09-2020)

9. പൊങ്ങണംകാട് പള്ളി ഇടവക മേപ്പാടത്ത് രാജു + അനിത മകൾ അഞ്ജലി. പൊങ്ങണംകാട് പള്ളി ഇടവക അമ്മായികുന്നേൽ ജോസ് + മേരി മകൻ റിജോ (21-09-2020)

10. വെസ്റ്റ് ഫോർട്ട് ഇടവക ചിറ്റിലപ്പിള്ളി സി. ജെ. തോമസ് + ആനി തോമസ് മകൾ സ്റ്റിന സി. തോമസ്. പൊങ്ങണംകാട് പള്ളി ഇടവക വാറോക്കി ജോൺസൻ + ലില്ലി മകൻ ലിജേഷ് (27-09-2020)

11. പൊങ്ങണംകാട് പള്ളി ഇടവക പുലിക്കോട്ടിൽ ഷാജി + മിൽക്ക മകൾ ഷെൽമ. പൊങ്ങണംകാട് പള്ളി ഇടവക പാണേങ്ങാടൻ അന്തപ്പൻ + മേരി മകൻ സജി (25-10-2020)

12. പട്ടിക്കാട് പള്ളി ഇടവക കാരേപറമ്പൻ തോമസ് + സിജി മകൾ ഐശ്വര്യ തോമസ്. പൊങ്ങണംകാട് പള്ളി ഇടവക ചാലിശ്ശേരി ബെന്നി + ലിസി മകൻ ബിബിൻ (19-10-2020)

13. മാടക്കത്തറ പള്ളി ഇടവക തൈക്കാടൻ ജെയിംസ് + മിനി മകൾ ജിനി. പൊങ്ങണംകാട് പള്ളി ഇടവക കല്ലുകുഴിയിൽ ജോസ് + റോസിലി മകൻ മാനുവേൽ (08-11-2020)

14. ഒളരിക്കര പള്ളി ഇടവക പൊക്കത്തായ് ഡേവീസ് + തങ്കമ്മ മകൾ ഷിൽജി ഡേവീസ്. പൊങ്ങണംകാട് പള്ളി ഇടവക ചിറക്കൽ ജോസ് + മേഴ്സി മകൻ ജോഫിൻ (15-11-2020)

15. പൊങ്ങണംകാട് പള്ളി ഇടവക പനമുക്കത്ത് ശശിധരൻ + മീര മകൾ മിനു. പൊങ്ങണംകാട് പള്ളി ഇടവക കോനിക്കര തരിയൻ + മോളി മകൻ നിധിൻ (30-11-2020)

16. തിരൂർ പള്ളി ഇടവക ഇരിമ്പൻ സെബി + വിജി മകൾ സെജിയ സെബി. പൊങ്ങണംകാട് പള്ളി ഇടവക പയ്യപ്പിള്ളി വിൽസൻ + മിനി മകൻ മനു (28-12-2020)

17. തലയാട് പള്ളി ഇടവക തടത്തിൽ ജോർജ്ജ് + ഷേർലി മാത്യു മകൻ ഐറിൻ ആൻ മാത്യു. പൊങ്ങണംകാട് പള്ളി ഇടവക പല്ലൻ ജോർജ്ജ് + അൽഫോൻസാ മകൻ സെബാസ്റ്റ്യൻ ജോർജ്ജ് (02-01-2021)

18. മരത്താക്കര പള്ളി ഇടവക തെക്കിനിയത്ത് ജോൺസൻ + ഷൈല മകൻ ഷെറിൻ. പൊങ്ങണംകാട് പള്ളി ഇടവക കുറ്റിയാങ്കൽ ജോൺസൻ + മഞ്ജു മകൾ അഞ്ജിത (26-04-2020)

19. തിരുഹൃദയകുന്ന് (എറണാകുളം അങ്കമാലി രൂപത) പള്ളി ഇടവക വാഴക്കാല ജോസ് + റോസി മകൻ ജെറിൻ. പൊങ്ങണംകാട് പള്ളി ഇടവക പുത്തൻപറമ്പിൽ വിനോദ് + മേരി മകൾ വിജി (20-06-2020)

20. ചേറ്റുപുഴ ഇടവക തച്ചിൽ റാഫി + ട്രീസ മകൻ റിയോ റാഫി. പൊങ്ങണംകാട് ഇടവക പല്ലൻ ജോസഫ് + ലിസി മകൾ ഹണി (25-07-2020)

21. അരിമ്പൂർ പള്ളി ഇടവക കുരുതുകുളങ്ങര ജോസഫ് + മേഴ്സി മകൻ സിൽജോ. പൊങ്ങണംകാട് ഇടവക കളത്തിപറമ്പിൽ പോളി + ഷിബി മകൾ ഷീന (20-09-2020)

22. പുതുരുത്തി ഇടവക പുത്തിരി ജോസ് + അൽഫോൻസാ മകൻ ജോബി പി. ജെ. പൊങ്ങണംകാട് ഇടവക കുണ്ടുകുളം സാജൻ + ലൈസ മകൾ സാജിത (27-09-2020)

23. മരിയാപുരം പള്ളി ഇടവക ചിറയത്ത് ജോസഫ് + ലിസി മകൻ ഷിജോ ജോസഫ്. പൊങ്ങണംകാട് ഇടവക കണ്ണംമ്പുഴ സൈമൺ + ഷേർളി മകൾ എയ്ഞ്ചൽ (11-10-2020)

24. പൊന്നൂക്കര പള്ളി ഇടവക വാഴപറമ്പൻ ദേവസി + ബോബി മകൻ സിബിൻ. പൊങ്ങണംകാട് പള്ളി ഇടവക കൊളംബ്രത്ത് സൈമൺ + മേരി മകൾ ജിസ്ന. (25-10-2020)

25. പുത്തൂർ പള്ളി ഇടവക പാറോക്കാരൻ ജോസ് + ഷീബ മകൻ സിനോബ്. പൊങ്ങണംകാട് ഇടവക ചിറയത്ത് ജോയ് + ലില്ലി മകൾ നൈസി. (28-10-2020)

26. വെട്ടുകാട് പള്ളി ഇടവക ചെറുവത്തൂർ തോമസ് + റെജി മകൻ സിജേഷ് തോമസ്. പൊങ്ങണംകാട് ഇടവക കുണ്ടുകുളം ജോസ് + മോളി മകൾ ഗോഡ്സി. (22-11-2020)

27. ചൂണ്ടൽ പള്ളി ഇടവക തലക്കോട്ടൂർ ലാസർ + അൽഫോൻസ മകൻ ജോജിൻ. പൊങ്ങണംകാട് ഇടവക വാഴപ്പിള്ളി യോഹന്നാൻ + അന്നമ്മ മകൾ ജിൻസി (29-11-2020)

28. വരാപുഴ ഇടവക മണപുറത്ത് ഗോഡ്വിൻ + ഐറിൻ മകൻ ഗ്ലാക്സൻ. പൊങ്ങണംകാട് ഇടവക പറപ്പിള്ളി അജി + ഫിലോമിന മകൾ ഗ്ലാഡിയ ( 06-12-2020)

29. മായന്നൂർ ഇടവക കാഞ്ഞിരത്തിങ്കൽ ജോസ് + എൽസി മകൻ മിഖിൽ ജോസ്. പൊങ്ങണംകാട് ഇടവക കുരിശ്ശേരി ജോസ് + ജെസി മകൾ ജെൻസി ജോസ് (10-01-2021)



## ആദരാഞ്ജലികൾ

പൊങ്ങണംകാട് ഇടവകയിലെ വിശ്വാസപരിശീലന പ്രിൻസിപ്പൾ പാലയ്ക്കൽ അബ്രാഹം മകൻ **ആന്റണി മാഷിന്** ഇടവകയുടെ ആദരാഞ്ജലികൾ.



## ആദരാഞ്ജലികൾ

തൃശ്ശൂർ അതിരൂപതാംഗം **ഫാ. ലൂയിസ് ചാലയ്ക്കലിന്** ഇടവകയുടെ ആദരാഞ്ജലികൾ. ഇടവകയിൽ വിശുദ്ധ കുമ്പസാരത്തിനും, വിശുദ്ധ ദിവ്യബലിക്കും അച്ചന്റെ സജീവ സാന്നിദ്ധ്യമുണ്ടായിരുന്നു.

# സ്വർഗ്ഗീയ താരങ്ങൾ

| | | |
|---|---|---|
| 1. | മണികുറ്റിയിൽ കുരിയൻ മകൻ ഫീലിപ്പോസ് (94) | 30.03.2020 |
| 2. | പുളിക്കൻ ദേവസി മകൻ സൈമൺ (64) | 13.04.2020 |
| 3. | ചൂണ്ടൽ വറീത് ഭാര്യ അന്നമ്മ (മേര) (80) | 16.04.2020 |
| 4. | തറയിൽ ദേവസി ഭാര്യ തങ്കമ്മ (84) | 26.04.2020 |
| 5. | എലുവത്തിങ്കൽ പൗലോസ് ഭാര്യ ആലീസ് (59) | 06.05.2020 |
| 6. | ചക്കാലക്കൽ ഡേവീസ് ഭാര്യ വത്സ (60) | 06.05.2020 |
| 7. | ഒല്ലൂക്കാരൻ ഡേവിസ് ഭാര്യ ഷേർളി (47) | 10.05.2020 |
| 8. | കരിമാലിക്കൽ കുഞ്ഞിതുപ്പു മകന ലൂയീസ് (86) | 14.07.2020 |
| 9. | മടത്തിപറമ്പിൽ സണ്ണി മകൻ ജെയ്സൺ (45) | 28.07.2020 |
| 10. | പായിക്കാട്ട് മാത്യു ഭാര്യ മറിയം (95) | 16.07.2019 |
| 11. | പുലിക്കോട്ടിൽ ഫ്രാൻസീസ് മകൻ ഫെബിൻ (25) | 28.08.2020 |
| 12. | ചൂണ്ടൽ വറുതുണ്ണി മകൻ അന്തോണി (86) | 01.09.2020 |
| 13. | കാട്ടിപറമ്പിൽ അന്തോണി മകൻ ജോണി (60) | 12.09.2020 |
| 14. | ചൂണ്ടൽ തോമസ് ഭാര്യ അമ്മിണി (78) | 19.10.2020 |
| 15. | മാരിപുറത്ത് ദേവസി ഭാര്യ ഏല്യാമ്മ (61) | 28.10.2020 |
| 16. | പാലക്കൽ അബ്രഹാം മകൻ ആന്റണി | 15.11.2020 |
| 17. | ആലപ്പാട്ട് റപ്പായി ഭാര്യ കൊച്ചമ്മ (90) | 7.12.2020 |
| 18. | പനയ്ക്കൽ ദേവസി മകൻ ജോസ് (60) | 20.12.2020 |
| 19. | മനവളപ്പിൽ ജോണി മകൻ ജോസ് (72) | 3.1.2021 |

**നിങ്ങൾ ഈ ലോകത്തിനു**

**അനുരൂപരാകരുത് - റോമ. 12/2**



# കൊച്ചുവർത്തമാനം

പ്രപഞ്ചനാഥനായ ദൈവം തമ്പുരാൻ നമ്മെ സ്നേഹിക്കുന്നു. എന്നാൽ നാം പലരും അത് അറിയുന്നില്ല; എന്നതാണ് നമ്മുടെ ഏറ്റവും വലിയ ദുരന്തം. വിശ്വാസം ദൈവദാനമാണ്. ഈ ദാനം നമുക്ക് ലഭിക്കുന്നതിനായ് നാം തമ്പുരാനോട് തീവ്രമായി ആഗ്രഹിച്ച് പ്രാർത്ഥിക്കണം. അതിനുള്ള വിനയം നമുക്കുണ്ടാവണം. "ദൈവമേ, പാപിയായ എന്നിൽ കനിയണമേ" (ലൂക്കാ. 18:13) എന്ന് പ്രാർത്ഥിച്ച ചുങ്കക്കാരനെപ്പോലെ നാം എളിമപ്പെട്ട് പ്രാർത്ഥിക്കണം. കുഞ്ഞുമക്കളെ, നാം ചെറിയവർ എങ്കിലും തിന്മയുടെ ശക്തി നമുക്ക് ചുറ്റും ഉണ്ട്. കൊച്ചു കൊച്ചു നുണകളിലൂടെയും തെറ്റുകളിലൂടെയും ഈശോയുടെ സ്നേഹത്തിൽ നിന്ന് നമ്മെ പിന്തിരിപ്പിക്കാൻ അലറുന്ന സിംഹത്തെ പോലെ അവ നമ്മെ വലയം ചെയ്ത് നടക്കുന്നു. അതിനെ തകർക്കാൻ പ്രാർത്ഥനയും, കൂദാശകളുടെ സ്വീകരണവും അത്യന്താപേക്ഷിതമാണ്. ഈശോയുടെ മക്കളായി തീരാൻ അഹംഭാവവും, കോപവും, ആസക്തികളും നമ്മിൽ നിന്ന് കഴുകി കളയണം. വിനീതഹൃദയരാകണം.

പ്രിയമക്കളെ, പ്രാർത്ഥിക്കുക എന്നാൽ ഈശോയെ സ്നേഹിക്കുക എന്നാണർത്ഥം. അവിടെ ഭയത്തിനും, ശത്രുതയ്ക്കും, നിരാശയ്ക്കും ഇടമില്ല. ഈശോ നമ്മോട് പറയുന്നു, "എന്റെ കുഞ്ഞേ ഇഹത്തിൽ നീ ഒരു തീർത്ഥാടകൻ മാത്രമാണ്. ഇഹലോകവാസം കുറച്ച് നാളത്തേക്ക് മാത്രമേയുള്ളൂ, എന്ന് നീ ഓർക്കണം. ഈ ചുരുങ്ങിയ സമയം നഷ്ടപ്പെടുത്താതെ, നിന്റെ വിശ്വാസത്തെ വർദ്ധിപ്പിച്ച്, പുണ്യത്തിൽ അഭിവൃദ്ധിപ്പെടുക. ഒരു ദിവസത്തിൽ ശരീരത്തെ പോഷിപ്പിക്കുന്നതിനായി നീ പല പ്രാവശ്യം ഭക്ഷണം കഴിക്കുന്നില്ലേ ? എന്നാൽ ആത്മാവിന്റെ ഭക്ഷണമായ പരിശുദ്ധ കുർബ്ബാന സ്വീകരിച്ച്, എത്ര കണ്ട് നീ നിന്റെ ദൈവമായ

കർത്താവിനെ പൂർണ്ണഹൃദയത്തോടെ സ്നേഹിക്കുന്നുണ്ട് ?

ഈശോയിൽ പ്രിയ കൂട്ടുകാരേ ആത്മീയ ജീവിതത്തിന്റെ വളർച്ചയ്ക്ക് ഏറ്റവും അത്യന്താപേക്ഷിതമായ പരി. കുർബ്ബാനയും വിശുദ്ധ കൂദാശകളും ഭയഭക്ത്യാദരവോടുകൂടി നമ്മുടെ ജീവിതാന്ത്യം വരെ, ഹൃദയ നൈർമ്മല്യത്തോടെ സ്വീകരിക്കാം. സ്വന്തം കഴിവിൽ ആശ്രയിക്കാതെ കർത്താവായ ഈശോയിൽ ശരണപ്പെട്ടുകൊണ്ട് എളിമയുടെ പാഠങ്ങൾ നമുക്ക് അഭ്യസിക്കാം. സ്വർഗ്ഗത്തിലേക്കുള്ള വാതിൽ എളിമയാണ്. തന്നെ ത്തന്നെ എളിമപ്പെടുത്തുന്നവന്റെ പ്രാർത്ഥന മേഘങ്ങൾ തുളച്ച് കടക്കുന്നു. "ഉയരാൻ വേണ്ടി താഴുക" എന്നാണ് വിശുദ്ധ അഗസ്റ്റിൻ പറയുന്നത്. അതുകൊണ്ട് നമുക്ക് എളിമ അഭ്യസിക്കാം. ഈ പുണ്യം അഭ്യസിക്കാൻ താഴെ പറയുന്ന കാര്യങ്ങൾ നമ്മെ സഹായിക്കും.

1) സംസാരത്തിൽ നിയന്ത്രണം പാലിക്കുക

2) അതിവർണ്ണനം നടത്താതിരിക്കുക.

3) തന്നെക്കാൾ ഉത്തമരും ജ്ഞാനികളുമായവർ പറയുന്നത് സന്തോഷപൂർവ്വം ശ്രവിക്കുക.

4) മറ്റുള്ളവരെ ബഹുമാനിക്കുക, ആദരിക്കുക, സ്നേഹിക്കുക

5) സ്വന്തം ബലഹീനതകൾ അംഗീകരിക്കുക.

6) എല്ലാവരേക്കാൾ എളിയവനായി സ്വയം പരിഗണിക്കുക.

7) നിന്ദനങ്ങൾ ക്ഷമയോടെ സ്വീകരിക്കുക.

ഇന്ന് നാം നേരിട്ടുകൊണ്ടിരിക്കുന്ന എല്ലാ പ്രതിസന്ധികളേയും, പൈശാചിക പീഢനങ്ങളേയും, സാംക്രമികരോഗങ്ങളേയും, തിന്മകളുടെ ശക്തികളേയും പ്രാർത്ഥന കൊണ്ടും പരിത്യാഗം കൊണ്ടും നേരിടാം. നമ്മുടെ നാടും ലോകം മുഴുവനും ഇപ്പോൾ നേരിട്ട് കൊണ്ടിരിക്കുന്ന കൊറോണ വൈറസ് നിർവീര്യമാകുവാൻ നമുക്ക് ഉണർന്നിരുന്ന് പ്രാർത്ഥിക്കാം. നിഷ്കളങ്കരായ കുഞ്ഞുങ്ങളുടെ പ്രാർത്ഥന ഈശോ ഏറ്റവും വേഗത്തിൽ ശ്രവിക്കുകയും അവയ്ക്ക് ഉത്തരമരുളുകയും ചെയ്യും. അതിനാൽ ഈ ദിവസങ്ങളിൽ ഈശോയോട് ചേർന്നിരുന്ന് ലോകത്തിന് മുഴുവൻ വേണ്ടി പ്രാർത്ഥിക്കാം.

സ്നേഹപൂർവ്വം,

**സി. തെരേസ് വി. വി.**



# ഇടവക വാർത്തകൾ

## കോവിഡ് 19 ഇടവകയിൽ നടന്നത്

2020 മാർച്ച് 15 മുതൽ 21 വരെ നടത്താനിരുന്ന കപ്പൂച്ചിൻ മിഷ്യൻ ധ്യാനം കോവിഡിന്റെ പശ്ചാത്തലത്തിൽ നടത്തുവാൻ സാധിച്ചില്ല.



സമ്പൂർണ്ണ ലോക്ഡൗൺ സമയത്ത് യൂണിറ്റുകളിൽ നിന്ന് തന്ന ലിസ്റ്റ് പ്രകാരം 135 വീടുകളിൽ പലവ്യഞ്ജനങ്ങളടങ്ങിയ കിറ്റ് നൽകി. ദിവസവും രാവിലെ 6.30നുള്ള വി. കുർബാന St. Mary's Church Ponganamkad ഫെയ്സ് ബുക്ക് പേജിൽ Live ടെലികാസ്റ്റ് ആരംഭിച്ചു.

പള്ളിപറമ്പിൽ വികാരിയച്ചനും ദേവാലയ ശുശ്രൂഷിയും ചേർന്ന് പൂന്തോട്ടം നിർമ്മിക്കുകയും കൃഷികൾ തുടങ്ങുകയും ചെയ്തു.

ശക്തമായ മഴയിൽ ഗ്രോട്ടോയുടെ സമീപത്തുള്ള മതിലിടിഞ്ഞ് വീഴുകയും തുടർന്ന് കൂടുതൽ ബലത്തോട് കൂടി പുനഃസ്ഥാപിക്കുകയും ചെയ്തു.

## സംയുക്ത ഊട്ടുതിരുനാൾ

ആഗസ്റ്റ് 15ന്റെ സംയുക്ത ഊട്ട് തിരുനാൾ കോവിഡിന്റെ പശ്ചാത്തലത്തിൽ നടന്നു. രാവിലെ 10നുള്ള വി. കുർബാന വെരി റവ. ഫാ. നോബി അമ്പൂക്കൻ (റെക്ടർ, ബസിലിക്ക) മുഖ്യകാർമ്മികൻ ആയിരുന്നു. തിരുനാൾ സന്ദേശം ഫാ. ജിയോ എടക്കളത്തൂർ CMI നൽകി. ഫാ. ഫ്രാൻസീസ് വാഴപ്പിള്ളി സഹകാർമ്മികൻ ആയിരുന്നു. കുർബാന മദ്ധ്യേ പഴയ



കൈക്കാരന്മാരായ ദേവസി ചൂണ്ടൽ, മോൻസി പറത്തോട്ട്, സിബി ചാലിപറമ്പിൽ, ഫെയ്സൻ പുലിക്കോട്ടിൽ എന്നിവർ സ്ഥാനം ഒഴിയുകയും പുതിയ കൈക്കാരന്മാരായ വർഗ്ഗീസ് ചിറക്കൽ, ജോണി മഞ്ഞളി, ഡെറിക് ചിരിയങ്കണ്ടത്ത്, സൈമൺ മാരിപുറത്ത് എന്നിവർ സത്യപ്രതിജ്ഞ ചെയ്ത് സ്ഥാനം ഏറ്റെടുക്കുകയും ചെയ്തു. ഇടവകയിലെ എല്ലാ വീടുകളിലും ഊട്ടുഭക്ഷണത്തിന്റെ അരി നേർച്ച നൽകി. കേരള വിഷൻ CTV ചാനലിൽ തിരുനാൾ കുർബാന വൈകീട്ട് 4.30ന് സംപ്രേഷണം നടന്നു.

വിഭൂതി, ഓശാന ഞായർ, പെസഹാ വ്യാഴം, ദുഃഖവെള്ളി, ഈസ്റ്റർ തിരുകർമ്മങ്ങൾ കോവിഡ് പ്രോട്ടോകോൾ ഗവണ്മെന്റ് നിർദ്ദേശപ്രകാരം നടത്തി. പള്ളികൾ തുറക്കാനുള്ള അനുമതി ലഭിച്ചപ്പോൾ ഓരോ യൂണിറ്റിലേയും അംഗങ്ങൾക്ക് മുൻകൂട്ടി നൽകിയ ലിസ്റ്റ് പ്രകാരം വി. കുർബാന കാണുവാൻ സാധിച്ചു. ദേവാലയം അണുവിമുക്തമാക്കുകയും സാനിറ്റൈസേഷൻ, തെർമ്മൽ സ്കാനിങ്ങ് എന്നിവയും ചെയ്തുവരുന്നു.

## പ്രഥമ സഭാവസ്ത്രസ്വീകരണം

പാണേങ്ങാടൻ സേവ്യറിന്റെയും ബിന്ദുവിന്റെയും മകൾ സി. ജിൻസി "Congregation of the Sisters of Charity Santhom Province" ഡൽഹിയിൽ വെച്ച് 2020 ആഗസ്റ്റ് 29ന് പ്രഥമ സഭാവസ്ത്രം സ്വീകരിച്ചു. അതിനോടനുബന്ധിച്ചുള്ള കൃതജ്ഞതാ ബലി 2021 ജനുവരി 23 ശനിയാഴ്ച രാവിലെ 10.30ന് നടന്നു. ഞായറാഴ്ച കുർബാന മദ്ധ്യേ ഇടവകയുടെ സമ്മാനം വികാരിയച്ചൻ നൽകി.

## സെപ്റ്റംബർ തിരുനാൾ

സെപ്റ്റംബർ 13 ഞായറാഴ്ച രാവിലെ 6.30നും 10നും മാതാവിന്റെ ജനനതിരുനാളിനോടനുബന്ധിച്ചുള്ള വി. കുർബാന നടന്നു. വിവിധ മേഖലകളിൽ നിന്നും മറിയം മേരി നാമധാരികളും കുടുംബാംഗങ്ങളും ദിവ്യബലിയിൽ പങ്കെടുത്തു. ആഘോഷമായ ദിവ്യബലിക്ക് ഫാദർ സാജൻ

പുത്തൂർ മുഖ്യകാർമ്മികനായി ഫാ. ജോസ് വല്ലൂരാൻ തിരുനാൾ സന്ദേശം നൽകി. വികാരി ഫാ. ഫ്രാൻസിസ് വാഴപ്പിള്ളി സഹകാർമ്മികനായി. നാമധാരികൾക്ക് പ്രത്യേക പ്രാർത്ഥനയും സമ്മാനവും നൽകി. തിരുനാൾ കുർബാന കേരള വിഷൻ CTV ചാനലിൽ തത്സമയം സംപ്രേഷണം ചെയ്തു.

**നാമഹേതുക തിരുനാൾ**



ഒക്ടോബർ 4 ഞായറാഴ്ച വികാരി ഫാ. ഫ്രാൻസിസ് വാഴപ്പിള്ളി അച്ചന്റെ നാമഹേതുക തിരുനാൾ ആഘോഷിച്ചു. കൈക്കാരൻ സൈമൺ മാരിപ്പുറത്ത് വികാരിയച്ചന് ബൊക്കെ നൽകി. വികാരിയച്ചൻ കേക്ക് മുറിച്ചു.

**മരിച്ചവരുടെ ഓർമ്മദിനം**



മരിച്ചവരുടെ ഓർമ്മദിനമായ നവംബർ 2ന് കണ്ടയിൻമെന്റ് സോൺ ആയതിനാൽ പള്ളിയിലേക്കും സെമിത്തേരിയിലേക്കും വിശ്വാസികൾക്ക് പ്രവേശനം ഉണ്ടായിരുന്നില്ല. രാവിലെ 6.30ന് വികാരി ഫാ. ഫ്രാൻസീസ് വാഴപ്പിള്ളി മരിച്ചവർക്കുവേണ്ടിയുള്ള ദിവ്യബലി അർപ്പിച്ചു. ശേഷം സെമിത്തേരിയിൽ പൊതു ഒപ്പീസ് നടന്നു.

**പ്രഥമ ദിവ്യകാരുണ്യസ്വീകരണം**

നവംബർ 1ന് നടത്താനിരുന്ന ആദ്യ കുർബാന സ്വീകരണം പള്ളി കണ്ടെയ്ൻമെന്റ് സോൺ പരിധിയിൽപ്പെട്ടതിനാൽ പിന്നീടുള്ള 4 ഞായറാഴ്ചകളിലായി നടത്തി. 29 കുട്ടികൾ ഈ വർഷം പ്രഥമ ദിവ്യകാരുണ്യം സ്വീകരിച്ചു. ഞായറാഴ്ചകളിൽ രാവിലെ 9.30ന് നടത്തിയിരുന്ന വി. കുർബാനയ്ക്ക് കുട്ടികളുടെ മാതാപിതാക്കൾക്ക് മാത്രമെ പ്രവേശനം ഉണ്ടായിരുന്നുള്ളൂ.

**ആദരാഞ്ജലികൾ**

പൊങ്ങണംകാട് ഇടവകയിലെ വിശ്വാസപരിശീലന പ്രിൻസിപ്പൾ

പാലയ്ക്കൽ അബ്രാഹം മകൻ ആന്റണിയുടെ നിയോഗത്തിൽ നവംബർ 29 ഞായറാഴ്ച ചേർന്ന പ്രതിനിധി യോഗം അനുശോചനം രേഖപ്പെടുത്തി.

1978 മുതൽ വിവിധ സമയങ്ങളിലായി 23 വർഷത്തോളം ഇടവകയിൽ വിശ്വാസപരിശീലന രംഗത്ത് അധ്യാപകനായി സേവനമനുഷ്ഠിച്ചു. 2013 – 2014 അദ്ധ്യയനവർഷം വിശ്വാസ പരിശീലന വിഭാഗം പ്രിൻസിപ്പാളായും മികവാർന്ന സേവനമനുഷ്ഠിച്ച വ്യക്തിയായിരുന്നു ആന്റണി മാഷ്.

## സ്ഥാന മാറ്റം

പുതിയ മതബോധന പ്രധാന അധ്യാപകനായി ആന്റണി ജോൺ എടക്കളത്തൂർ ചാർജ്ജ് എടുത്തു. കാറ്റികിസം പുതിയ സെക്രട്ടറിയായി സിജി ഫെലിക്സിനെ തിരഞ്ഞെടുത്തു.

## അഭിനന്ദനങ്ങൾ

ഇടവകതലത്തിൽ മതബോധന അധ്യാപകർക്ക് നടത്തിയ ആപ്റ്റിറ്റ്യൂഡ് പരീക്ഷയിൽ നീന ജിതേഷ് ഒന്നാം സ്ഥാനം കരസ്ഥമാക്കി.

## പ്രതിനിധി യോഗം

നവംബർ 29ന് ചേർന്ന പ്രതിനിധി യോഗത്തിൽ ഡിസംബർ ഒന്നാം തിയ്യതി മുതൽ വി. കുർബാനക്ക് പള്ളിയിൽ വരാൻ ഉദ്ദേശിക്കുന്നവർ പള്ളിയിൽ നിന്ന് തരുന്ന ഫോൺ നമ്പറിൽ (7736655875) വിളിച്ച് തലേദിവസം ബുക്ക് ചെയ്യാനായി തീരുമാനിച്ചു. ഇടദിവസങ്ങളിൽ 40 പേർക്കും ഞായറാഴ്ചകളിൽ 100 പേർ വീതം 2 കുർബാനകളും കാണുവാൻ അവസരം നൽകി. ഡിസംബർ 1-ാം തിയ്യതി മുതൽ സ്പെഷ്യൽ കുർബാന തുടങ്ങുവാനും തീരുമാനിച്ചു.

## ക്രിസ്തുമസ്

ക്രിസ്തുമസിന് ഒരുക്കമായി കെ.സി.വൈ.എം., ജീസസ് യൂത്ത് അംഗങ്ങൾ പള്ളിയിൽ വലിയ ഒരു നക്ഷത്രം നിർമ്മിച്ചു. സി.എൽ.സി. അംഗങ്ങൾ പള്ളിയും പരിസരവും വൈദ്യുത ദീപാലങ്കാരങ്ങളാൽ വർണ്ണാഭമാക്കി. കോവിഡിന്റെ പശ്ചാത്തലത്തിൽ ക്രിസ്തുമസ്സിന് ഒരുക്കമായുള്ള കുമ്പസാരം ഉണ്ടായിരുന്നില്ല. ഡിസംബർ 24 രാത്രി 11.30നും ഡിസംബർ 25 രാവിലെ 6നും 7.30നും മൂന്ന് വി. കുർബാനകൾ ഉണ്ടായിരുന്നു. ഒരു

കുർബാനക്ക് 100 പേരെ വീതം പള്ളിയിൽ പ്രവേശിപ്പിച്ചു. നേരത്തെ വിളിച്ച് ബുക്ക് ചെയ്തവർക്കാണ് ദിവ്യബലിയിൽ സംബന്ധിക്കാനായത്.

ജീസസ് യൂത്തിന്റെയും കെ.സി.വൈ.എമ്മിന്റെയും കൂട്ടായ പരിശ്രമത്തിൽ പള്ളിമുറ്റത്ത് ഒരുക്കിയ ക്രിസ്തുമസ് ക്രിബും, ക്രിസ്തുമസ് ട്രീയും വളരെ മനോഹരമായിരുന്നു. ധാരാളം ആളുകൾ ക്രിബ് സന്ദർശിച്ചു. ക്രിസ്തുമസ്സിന് മുന്നോടിയായി പള്ളിയിലെ എല്ലാ കാര്യങ്ങൾക്കും സഹകരിച്ച ബഹു. സിസ്റ്റേഴ്സ്, കൈക്കാരന്മാർ, ദേവാലയ ശുശ്രൂഷി, സി.എൽ.സി., ജീസസ് യൂത്ത്, കെ.സി.വൈ.എം. അംഗങ്ങൾക്ക് വികാരി ഫാ. ഫ്രാൻസിസ് വാഴപ്പിള്ളി നന്ദി പറഞ്ഞു.

**തിരുനാൾ 2021**

ജനുവരി 1 വെള്ളിയാഴ്ച രാവിലെ 6.30ന് വി. കുർബാനക്കു ശേഷം ഇടവക മദ്ധ്യസ്ഥയുടേയും വി. സെബസ്ത്യാനോസിന്റെയും തിരുനാളിനൊരുക്കമായുള്ള കൊടിയേറ്റം നടന്നു. ഫാ. സതീഷ് പറത്തോട്ട് വി. കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. വികാരി ഫാ. ഫ്രാൻസിസ് വാഴപ്പിള്ളി സഹകാർമ്മികനായി. നവനാൾ ആരംഭിച്ചു. നവനാൾ ദിനങ്ങളിൽ കുർബാന ഏറ്റെടുത്ത് നടത്തിയ ജെയ്ൻ മേനാച്ചേരി, ഡെറിക് ചിരിയങ്കണ്ടത്ത്, ജോൺസൺ തോലത്ത്, ചിറയ്ക്കൽ ഡേവീസ്, ചിറ്റിലപ്പിള്ളി വില്ലി, ചിറയ്ക്കൽ ബൈജു, ചിറയ്ക്കൽ കുടുംബാംഗങ്ങൾ, ചിറക്കേക്കാരൻ പോൾ, ജോയ് എം. മണ്ണൂർ എന്നിവർക്കും തിരുനാൾ പാട്ടുകുർബാന ഏറ്റെടുത്ത് നടത്തിയ പയ്യപ്പിള്ളി വിൽസൺ കുടുംബാംഗങ്ങൾക്കും, പ്രത്യേകം പ്രാർത്ഥനയും അലങ്കരിച്ച മെഴുകുതിരി നൽകുകയും കുർബാനക്കു മുമ്പ് ദീപം തെളിയിക്കാനുള്ള അവസരവും നൽകി.

**കർത്താവിന്റെ പ്രത്യക്ഷവത്കരണ തിരുന്നാൾ**

ജനുവരി 6ന് ഇടവകയിൽ ദനഹാതിരുനാൾ ആചരിച്ചു. രാവിലെ 6.30ന് ദിവ്യബലി നടന്നു. യൂത്ത് അംഗങ്ങൾ പള്ളി മുറ്റത്ത് പിണ്ടികുത്തി തിരി തെളിയിച്ചു.

**പിറന്നാൾ**

ജനുവരി 7ന് വികാരി ഫാ. ഫ്രാൻസിസ് വാഴപ്പിള്ളി അച്ചന്റെ 65-ാംമത് പിറന്നാൾ ആഘോഷിച്ചു. രാവിലെ 6.30ന്റെ വി. കുർബാനക്കു ശേഷം ഇടവകയെ പ്രതിനിധീകരിച്ച് കൈക്കാരൻ ജോണി മഞ്ഞളി വികാരിയച്ചന് ബൊക്കെ നൽകി. അച്ചൻ കേക്ക് മുറിക്കുകയും കുർബാനക്ക്

വന്ന എല്ലാവർക്കും നൽകുകയും ചെയ്തു.

**തിരുനാൾ 2021**

ജനുവരി 8 വെള്ളിയാഴ്ച തിരുനാളിന്റെ ഭാഗമായി ഇടവക സി.എൽ.സി. അംഗങ്ങളുടെ പരിശ്രമം കൊണ്ട് ഒരുക്കിയ ദീപാലങ്കാരം വികാരി ഫാ. ഫ്രാൻസീസ് വാഴപ്പിള്ളി സ്വിച്ച് ഓൺ കർമ്മം നിർവ്വഹിച്ചു. വൈദ്യുതി ദീപാലങ്കാരങ്ങളാൽ പള്ളിയും പരിസരവും തിരുനാൾ പ്രഭയിൽ മുങ്ങി. പള്ളിയുടെ ഗേറ്റിന് ഇരുവശവും വലിയ കൊടികൾ നാട്ടി പേപ്പൽ പതാകയും അരങ്ങുകൾ കെട്ടിയും രൂപക്കൂട് അലങ്കരിച്ചും ജീസസ് യൂത്ത് അംഗങ്ങൾ സഹകരിച്ചു.

2020 ഡിസംബർ 8-ാം തിയ്യതി മുതൽ 2021 ഡിസംബർ 8-ാം തിയ്യതി വരെ വി. യൗസേപ്പിതാവിന്റെ വർഷമായി ഫ്രാൻസീസ് പാപ്പ ആഹ്വാനം ചെയ്തതിൻപ്രകാരം പള്ളിയിൽ വി. യൗസേപ്പിതാവിന്റെ തിരുസ്വരൂപം പ്രത്യേകം പ്രതിഷ്ഠിച്ച് പ്രാർത്ഥിക്കുകയും തിരി തെളിയിക്കുകയും ചെയ്തു.



ജനുവരി 9 ശനിയാഴ്ച രാവിലെ 6.30ന് ഫാ. സോബിൻ പായ്ക്കാട്ടിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലി നടന്നു. ഫാ. പൗലോസ് ചാലക്കൽ, വികാരി ഫാ. ഫ്രാൻസീസ് വാഴപ്പിള്ളി സഹകാർമ്മികരായി. കുർബാനയ്ക്ക് ശേഷം ഫാ. സോബിൻ പായിക്കാട്ട് യൂണിറ്റുകളിലേക്കുള്ള അമ്പുകൾ വെഞ്ചിരിച്ചു. തുടർന്ന് പ്രദക്ഷിണമായി രൂപം എഴുന്നള്ളിപ്പ് കർമ്മം നടന്നു.

കോവിഡിന്റെ പശ്ചാത്തലത്തിൽ 25 യൂണിറ്റിലെയും ഭാരവാഹികൾ പള്ളിയിൽ നിന്ന് അമ്പ് യൂണിറ്റുകളിലേയ്ക്ക് കൊണ്ടുപോവുകയും അല്പനേരം പ്രാർത്ഥനയോട് കൂടി അമ്പ് വീടുകൾ തോറും വെച്ചതിനു ശേഷം തിരിച്ച് 5 മണിയോട് കൂടി പള്ളിയിൽ തിരിച്ചെത്തിക്കുകയും ചെയ്തു.

ജനുവരി 10 ഞായറാഴ്ച ഇടവക മദ്ധ്യസ്ഥയുടെയും വി. സെബസ്ത്യാനോസിന്റെയും ആഘോഷമായ പാട്ടുകുർബാന രാവിലെ 10ന് നടന്നു.

ഫാദർ സജീവ് ഇമ്മട്ടി മുഖ്യകാർമ്മികത്വം വഹിച്ചു. ഫാ. ഷിൻസ് പോട്ടോക്കാരൻ CMI തിരുനാൾ സന്ദേശം നൽകി. ഫാ. സിന്റോ നങ്ങിണി, ഫാ. പൗലോസ് ചാലയ്ക്കൽ സഹകാർമ്മികരായി.

രാവിലെ 6.30ന് വികാരി ഫാ. ഫ്രാൻസിസ് വാഴപ്പിള്ളിയും ഉച്ചതിരിഞ്ഞ് 4.15ന് ഫാ. ജിയോ എടക്കളത്തൂരും ദിവ്യബലി അർപ്പിച്ചു. തലേദിവസം ഓഫീസ് നമ്പറിൽ വിളിച്ച് ബുക്ക് ചെയ്ത 300 പേർക്ക് തിരുനാൾ കുർബാനകൾ കാണുവാൻ അവസരം ലഭിച്ചു. തിരുനാൾ കുർബാന കേരളവിഷൻ CTV ചാനലിൽ സംപ്രേഷണം ചെയ്തു. വൈകീട്ട് 4.15ന്റെ വി. കുർബാനക്കുശേഷം ഇടവക മദ്ധ്യസ്ഥയുടെയും വി. സെബസ്ത്യാനോസിന്റെയും തിരുസ്വരൂപങ്ങൾ വഹിച്ചുകൊണ്ടുള്ള ഭക്തിസാന്ദ്രമായ വാഹനപ്രദക്ഷിണം നടന്നു. പൊൻകുരിശും വെള്ളി കുരിശും വഹിച്ചുകൊണ്ടുള്ള വാഹനം മുമ്പിലും തൊട്ട് പുറകിൽ തിരുസ്വരൂപം വഹിച്ചുകൊണ്ടുള്ള വാഹനവും അതിനു പുറകിൽ ഈശോയുടെ തിരുവോസ്തിയും കൈയ്യിലേന്തിയുള്ള വാഹനത്തിൽ വികാരിയച്ചനും പ്രദക്ഷിണത്തിൽ പങ്കുചേർന്നു.

സെന്റ് ജോർജ്ജ് കരുവാൻകാട് കപ്പേള, ക്രൈസ്റ്റ് കിങ് മാറ്റാംപുറം കപ്പേള, സെന്റ് മേരീസ് പൊങ്ങണംകാട് കപ്പേള വില്ലടം അതിർത്തി വരെ പോയി. വാഹന പ്രദക്ഷിണം പള്ളിയിൽ സമാപിച്ചു.

തിരുനാൾ ഒരുക്കങ്ങൾക്ക് സഹകരിച്ച പ്രസുദേന്തിമാർ, കൈക്കാരന്മാർ, ദേവാലയ ശുശ്രൂഷി, ബഹുമാനപ്പെട്ട സിസ്റ്റേഴ്സ്, സി.എൽ.സി., ജീസസ് യൂത്ത്, കെ.സി.വൈ.എം. അംഗങ്ങൾക്കും പ്രദക്ഷിണത്തിന് വാഹനങ്ങൾ തന്നവർക്കും സൗണ്ട് സിസ്റ്റം ഒരുക്കിയ ജെൻസൻ സൗണ്ടിനും മറ്റ് രീതിയിൽ സഹകരിച്ച ഏവർക്കും വികാരിയച്ചൻ നന്ദി പറഞ്ഞു.

ജനുവരി 11 തിങ്കളാഴ്ച മരിച്ചവർക്കു വേണ്ടിയുള്ള കുർബാനയും പൊതു ഒപ്പീസും സെമിത്തേരിയിൽ നടന്നു.

2017ൽ വിൻസെന്റ് ഡി പോൾ സംഘടനയുടെ നേതൃത്വത്തിൽ വികാരി ഫാ. ഫ്രാൻസീസ് വാഴപ്പിള്ളി അച്ചന്റെ പ്രാർത്ഥനയോട് കൂടി പള്ളി പറമ്പിൽ നട്ടു പരിപാലിച്ച ആയുർജാക്ക് പ്ലാവിൽ നിന്നുള്ള ആദ്യ ഫലം 2021 ജനുവരി 24 ഞായറാഴ്ച രാവിലെ കുർബാനക്കുശേഷം നടന്ന ലേലം വിളിയിൽ വികാരിയച്ചൻ 1000 രൂപയ്ക്ക് വിളിച്ചെടുത്തു.

തയ്യാറാക്കിയത് : **ഹാപ്പി ആനിക്കൽ**



**അഭിനന്ദനങ്ങൾ**

**പൊങ്ങണംകാട് ഇടവകയുടെ മതബോധന പ്രധാന അധ്യാപകനായി തിരഞ്ഞെടുത്ത ആന്റണി ജോൺ മാഷിന് അഭിനന്ദനങ്ങൾ...**

**2021 – 2023ലെ സി.എൽ.സി. ഭാരവാഹികൾ**

പ്രസിഡന്റ് : **അജയ് ജോണി**. സെക്രട്ടറി : **ആഷ്‌ലി കെ. തോമസ്.** ട്രഷറർ : **പ്രോഫിൻ പോൾ.** വൈസ് പ്രസിഡന്റുമാർ : **ഓസ്റ്റിൻ ജോസ്, ലിന്റ ലാൻസ്.** ജോ. സെക്രട്ടറിമാർ : **ആൻസൻ ജോസ്, ടിങ്കിൾ ട്രീസ.** ഏവർക്കും അഭിനന്ദനങ്ങൾ...

***മറിയം വഴി ക്രിസ്തുവിലേക്ക്...***

**2021 – 2023ലെ കെ.സി.വൈ.എം. ഭാരവാഹികൾ**

പ്രസിഡന്റ് : **ജിസൻ പീറ്റർ**. സെക്രട്ടറി : **ഡിജോയ് ജോണി.** യൂത്ത് കൗൺസിലേഴ്സ് : **ഗോഡ്സൻ ഫ്രാൻസീസ്, ചിപ്പി പോൾ.** ട്രഷറർ : **ജെഫിൻ ജോൺസൻ,** വൈസ് പ്രസിഡന്റുമാർ : **സെബി സേവ്യർ, ഹിരണി ജോസഫ്.** ജോ. സെക്രട്ടറിമാർ : **സോജൻ ഫ്രാൻസീസ്, സൂര്യ എം. ജെ.** ഏവർക്കും അഭിനന്ദനങ്ങൾ...

**പാരിഷ് ന്യൂസ് പൊങ്ങണംകാട് ഇടവക വാട്സ് ആപ്പ് ഗ്രൂപ്പിൽ അംഗമാകാൻ : 8075727668 ഫോൺ നമ്പറിലേക്ക് Add parish എന്ന് ടൈപ്പ് ചെയ്ത് മെസ്സേജ് ചെയ്യുക.**



വചനത്തിനിണങ്ങിയ ജീവിതം നയിക്കാൻ

# വചനകലണ്ടർ

## ഫെബ്രുവരി 2021

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | **1**<br>ഗലാ<br>3/21-25<br>യോഹ<br>5/41-47 | **2**<br>1യോഹ<br>3/18-24<br>മർക്കോ<br>3/7-12 | **3**<br>കൊളോ<br>2/6-10<br>മത്താ<br>12/15-21 | **4**<br>എഫേ<br>6/10-17<br>മർക്കോ<br>9/33-37 | **5**<br>1 സാമു<br>22/11-21<br>മത്താ<br>5/1-12 | **6**<br>1കോറി<br>3/10-17<br>ലൂക്കാ<br>11/14-23 |
| **7**<br>നിയ<br>24/14-22<br>യോഹ<br>3/22-31 | **8**<br>1 യോഹ<br>5/6-12<br>മർക്കോ<br>3/13-19 | **9**<br>1യോഹ<br>1/5-10<br>യോഹ<br>9/35-39 | **10**<br>റോമ<br>14/1-6<br>യോഹ<br>8/31-38 | **11**<br>കൊളോ<br>1/21-23<br>ലൂക്കാ<br>13/10-17 | **12**<br>എസേ<br>37/1-14<br>മത്താ<br>25/31-40 | **13**<br>1കോറി<br>15/50-52<br>മത്താ<br>23/1-12 |
| **14**<br>പുറ<br>34/27-35<br>മത്താ<br>4/1-11 | **15**<br>ഉല്പ<br>1/1-19<br>മത്താ<br>5/17-26 | **16**<br>ഉല്പ<br>1/20-2/7<br>മത്താ<br>5/38-42 | **17**<br>ഉല്പ<br>2/18-25<br>മത്താ<br>6/5-8 | **18**<br>ഉല്പ<br>3/1-13<br>മത്താ<br>6/25-34 | **19**<br>ജോഷ്വ<br>3/14-4/9<br>മത്താ<br>7/1-6 | **20**<br>റോമ<br>3/21-26<br>മത്താ<br>6/9-15 |
| **21**<br>ഉല്പ<br>5/19-31<br>മത്താ<br>7/21-27 | **22**<br>തീത്തോ<br>3/1-7<br>മർക്കോ<br>7/14-23 | **23**<br>റോമ<br>8/18-25<br>മത്താ<br>7/7-12 | **24**<br>റോമ<br>6/15-23<br>മത്താ<br>9/1-8 | **25**<br>റോമ<br>3/1-8<br>മത്താ<br>5/33-37 | **26**<br>ജോഷ്വ<br>5/1-12<br>മർക്കോ<br>11/27-33 | **27**<br>1 കൊറി<br>5/9-13<br>മത്താ<br>11/16-19 |
| **28**<br>ഉല്പ<br>7/6-24<br>മത്താ<br>20/17-28 | | | | | | |

### പഴയനിയമ വായനകൾ

| | | | | |
|---|---|---|---|---|
| 7 | ഏശ | 63/7-16 | ഹെബ്രാ | 8/1-6 |
| 14 | ഏശ | 58/1-10 | എഫേ | 4/17-24 |
| 21 | ജോഷ്വ | 4/15-24 | റോമ | 6/15-23 |
| 28 | ജോഷ്വ | 5/13-6/5 | റോമ | 7/14-25 |



വചനത്തിനിണങ്ങിയ ജീവിതം നയിക്കാൻ

# വചനകലണ്ടർ

## മാർച്ച് 2021

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | **1**<br>റോമ<br>7/1-6<br>മർക്കോ<br>12/28-34 | **2**<br>1കോറി<br>10/1-13<br>ലൂക്കാ<br>21/29-36 | **3**<br>1 പത്രോ<br>3/8-12<br>മത്താ<br>5/43-48 | **4**<br>എഫേ<br>6/1-9<br>മർക്കോ<br>12/35-40 | **5**<br>ഉല്പ<br>9/8-17<br>മർക്കോ<br>12/18-27 | **6**<br>എഫേ<br>4/25-32<br>മത്താ<br>21/28-32 |
| **7**<br>ഉല്പ<br>11/1-9<br>മത്താ<br>21/33-44 | **8**<br>ഉല്പ<br>12/1-9<br>യോഹ<br>5/1-18 | **9**<br>ഉല്പ<br>12/9-20<br>യോഹ<br>5/19-23 | **10**<br>ഉല്പ<br>13/8-18<br>യോഹ<br>6/60-69 | **11**<br>ഉല്പ<br>4/8-16<br>യോഹ<br>7/1-13 | **12**<br>ജോഷ്വ<br>9/1-15<br>യോഹ<br>7/25-31 | **13**<br>റോമ<br>13/1-7<br>യോഹ<br>7/45-53 |
| **14**<br>ഉല്പ<br>16/6-16<br>യോഹ<br>7/37-39<br>8/12-20 | **15**<br>കൊളോ<br>2/16-19<br>ലൂക്കാ<br>18/18-25 | **16**<br>2 കോറി<br>9/10-15<br>ലൂക്കാ<br>10/33-37 | **17**<br>യൂദാ<br>8/13<br>യോഹ<br>8/1-11 | **18**<br>1 തിമോ<br>4/6-10<br>ലൂക്ക<br>18/31-34 | **19**<br>ഏശ<br>41/8-16<br>മത്താ<br>1/18-25 | **20**<br>1 കോറി<br>13/1-13<br>മർക്കോ<br>10/1-12 |
| **21**<br>ഉല്പ<br>19/15-26<br>യോഹ<br>10/11-18 | **22**<br>1 തെസ<br>3/6-13<br>യോഹ<br>12/44-9 | **23**<br>2 പത്രോ<br>2/4-10<br>ലൂക്കാ<br>13/31-35 | **24**<br>1 യോഹ<br>2/7-11<br>മത്താ<br>18/15-20 | **25**<br>കുറ<br>15/11-21<br>ലൂക്കാ<br>1/26-38 | **26**<br>ഉല്പ<br>19/27-30<br>യോഹ<br>11/38-45 | **27**<br>ശ്ലീഹ<br>20/22-38<br>യോഹ<br>12/1-8 |
| **28**<br>ഉല്പ<br>49/8-12<br>22-26<br>മത്താ<br>21/11-17 | **29**<br>ഉല്പ<br>37/5-13<br>യോഹ<br>11/47-57 | **30**<br>ജോഷ്വ<br>22/30-23<br>യോഹ<br>12/20-26 | **31**<br>ഉല്പ<br>40/1-23<br>യോഹ<br>12/27-33 | | | |

### പഴയനിയമ വായനകൾ

| | | |
|---|---|---|
| **7** | ജോഷ്വ 7/10-15 | റോമ 8/12-17 |
| **14** | ജോഷ്വ 9/16-27 | റോമ 12/1-17 |
| **21** | ജോഷ്വ 21/43, 22/5 | റോമ 14/13-23 |
| **28** | സംഖ്യ 9/9-12 | റോമ 11/13-24 |